"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- വടകര നഗരസഭയിലെ ഹെൽത്ത് സൂപ്പർവൈസർ ശ്രീ. മുഹമ്മദലി അഷറഫ്.പി.വി. സമർപ്പിച്ച അപ്പീൽ അപേക്ഷ - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ് നിരസിച്ച് -**

സ.ഉ.(സാധാ) നം.590/2022/LSGD   തീയതി,തിരുവനന്തപുരം, 11-03-2022

പരാമർശം:-

1. നഗരകാര്യ ഡയറക്ടറുടെ 11.02.2020തീയതിയിലെ വി1-29346/16 നമ്പർ ഉത്തരവ്.
2. ശ്രീ. മുഹമ്മദലി അഷറഫ്.പി.വി. സർക്കാരിൽ സമർപ്പിച്ച 10.03.2020 തീയതിയിലെ അപ്പീൽ അപേക്ഷ
3. നഗരകാര്യ ഡയറക്ടറുടെ 21.12.2021 തീയതിയിലെ വി1-29346/16 നമ്പർ കത്ത്.

**ഉത്തരവ്**

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കൊല്ലം യൂണിറ്റ് 06/09/2016 ൽ കൊല്ലം നഗരസഭയിലെ വിവിധ ഭക്ഷണശാലകളിൽ ഓപ്പറേഷൻ ക്ലിയർ ഫുഡ് എന്ന പേരിൽ മിന്നൽ പരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രമക്കേടുകൾക്ക് കാരണക്കാരായ 10 ജീവനക്കാർക്കെതിരെ നഗരകാര്യ ഡയറക്ടർ അച്ചടക്ക നടപടികൾ സ്വീകരിക്കുകയും കൊല്ലം നഗരസഭാ പരിധിയിൽ പ്രവർത്തിച്ച വന്നിരുന്നതും 01/04/2016 മുതൽ ലൈസൻസില്ലാതെ പ്രവർത്തിച്ചിരുന്നതുമായ കിംഗ്സ് ഹോട്ടൽ അടച്ച പൂട്ടുന്നതിന് നടപടി സ്വീകരിക്കാത്തതിനാൽ ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ (ഹെൽത്ത് ഓഫീസർ/ ഹെൽത്ത് സൂപ്പർവൈസർ ഇൻ-ചാർജ്ജ്) തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.മുഹമ്മദാലി അഷ്റഫ് പി.പി.ക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിച്ചിരുന്നതും ആയത് ടിയാന്റെ ഒരു ഇൻക്രിമെന്റ് ഒരു വർഷത്തേയ്ക്ക് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കി പരാമർശം 1 പ്രകാരം നഗരകാര്യ ഡയറക്ടർ ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് പുന.പരിശോധിച്ച് ശിക്ഷാനടപടി ഒഴിവാക്കണമെന്ന ആവശ്യവുമായി ശ്രീ മുഹമ്മദ് ഇക്ബാൽ പരാമർശം 2 പ്രകാരം സർക്കാരിൽ അപ്പീൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീ. മുഹമ്മദലി അഷറഫ്.പി.വി. സമർപ്പിച്ച അപ്പീൽ അപേക്ഷയിലെ വാദങ്ങൾ പ്രകാരം താൻ കൊല്ലം നഗരസഭയിൽ 01/04/2016 മുതൽ 20/06/2016 വരെ ഹെൽത്ത് ഓഫീസറുടെയും ഹെൽത്ത് സൂപ്പർവൈസറുടെയും അധിക ചുമതല കൂടി വഹിച്ചിരുന്നതായും. കൊല്ലം നഗരസഭാ പരിധിയിൽ ലൈസൻസില്ലാതെ പ്രവർത്തിച്ച വന്നിരുന്ന കിംഗ്സ് ഹോട്ടൽ അടച്ചുപൂട്ടുന്നതിന് 27/07/2016 ൽ കോർപ്പറേഷൻ സെക്രട്ടറി ഉത്തരവിറക്കിയിട്ടും തുടർനടപടി സ്വീകരിച്ചില്ലായെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ തന്റെ പേരിൽ അച്ചടക്കനടപടി കൈക്കൊള്ളുകയും ഒരു ഇൻക്രിമെന്റ് ഒരു വർഷത്തേയ്ക്ക് സഞ്ചിത

ഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് നഗരകാര്യ ഡയറക്ടർ ഉത്തരവാകുകയും ചെയ്തിട്ടുള്ളതായും പ്രസ്തുത ശിക്ഷാ വിധിക്കാധാരമായി തനിക്കെതിരെ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങളിൽ തന്റെ ഭാഗത്തുനിന്നും ഒരു വീഴ്ചയും ഉണ്ടായിട്ടില്ലായെന്ന് ബോധിപ്പിക്കുന്നു.

3.കൂടാതെ 27/07/2016 ൽ കിംഗ്സ് ഹോട്ടൽ അടച്ചുപൂട്ടാൻ നൽകിയ ഉത്തരവ് നടപ്പിലാക്കിയില്ലായെന്ന ആരോപണത്തിന്, 27/07/2016 ൽ ഉത്തരവിറങ്ങുന്ന സമയത്ത് ടിയാൻ കൊല്ലം നഗരസഭയിൽ ജോലി ചെയ്തിരുന്നില്ലായെന്നും ആ സമയം താൻ നിലമ്പൂർ നഗരസഭയിലാണ് ജോലി ചെയ്തിരുന്നത് എന്നും അറിയിക്കുന്നു. കൂടാതെ കിംഗ്സ് ഹോട്ടൽ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന് മേൽപ്പറഞ്ഞ കാലയളവിൽ (01/04/2016 - 20/06/2016) നേരിട്ടോ അല്ലാതെയോ തന്റെ അറിവിൽ പെട്ടിരുന്നില്ല എന്നും ഈ കാലയളവിൽ മുമ്പിൽ വന്ന ഫയലുകളെല്ലാം സമയബന്ധിതമായി തന്നെ തീർപ്പാക്കുകയുണ്ടായതായും ആകെ 81 ദിവസം മാത്രമാണ് താൻ ഹെൽത്ത് ഓഫീസറുടെയും ഹെൽത്ത് സൂപ്പർവൈസറുടെയും അധിക ചുമതല വഹിച്ചത് എന്നും മേൽപ്പറഞ്ഞ 10 ഹെൽത്ത് ഇൻസ്പെക്ടർ ഓഫീസുകളുടെ ഓവറോൾ സൂപ്പർവിഷൻ ചാർജ് മാത്രമാണ് എനിക്കുണ്ടായിരുന്നത് എന്നും ഹെൽത്ത് ഇൻസ്പെക്ടർ ഓഫീസിൽ വരുന്ന ലൈസൻസുകൾ സംബന്ധിച്ച ഉത്തരവാദിത്തം അതാത് ഓഫീസിലെ ഹെൽത്ത് ഇൻസ്പെക്ടർമാർക്കാണ് എന്നും ടിയാൻ ബോധിപ്പിക്കുന്നു. തനിക്കെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങളെപ്പറ്റി കോർപ്പറേഷൻ സെക്രട്ടറി 24/05/2019 ൽ കൊല്ലം നഗരകാര്യ മേഖലാ ഡയറക്ടർക്ക് നൽകിയ റിപ്പോർട്ടിൽ 27/07/2016 ൽ ഞാൻ കൊല്ലം നഗരസഭയിലല്ല ജോലി ചെയ്തിരുന്നതെന്ന കാര്യം പരിഗണിക്കണമെന്ന് ശുപാർശ ചെയ്തിരുന്നതായും, 29/09/2019 ൽ അദ്ദേഹം വീണ്ടും സമർപ്പിച്ച റിപ്പോർട്ടിൽ, 55 വാർഡുകളുടെ സൂപ്പർവിഷൻ ചുമതല തനിക്കുണ്ടായിരുന്നുവെന്നും വെറും 81 ദിവസം മാത്രമാണ് ഞാൻ അധിക ചുമതല വഹിച്ചിട്ടുള്ളതെന്നും വ്യക്തമാക്കിയിട്ടുണ്ട്. തന്റെ ഭാഗത്ത് എന്തെങ്കിലും വീഴ്ചയുള്ളതായി കാണുന്നില്ലായെന്നും റിപ്പോർട്ടിൽ എടുത്ത് പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട കോർപ്പറേഷൻ സെക്രട്ടറിയുടെ ഈ റിപ്പോർട്ടുകൾ ശരിവച്ചുകൊണ്ട്, തനിക്കെതിരെ തുടർ നടപടികൾ ഒഴിവാക്കാമെന്ന് ബഹുമാനപ്പെട്ട നഗര മേഖലാ ജോയിന്റ് ഡയറക്ടർ ബഹുമാനപ്പെട്ട നഗരകാര്യ ഡയറക്ടർക്ക് ശുപാർശ സമർപ്പിക്കുകയും ചെയ്തിരുന്നതാണ്. ഇക്കാര്യങ്ങൾ നഗരകാര്യ ഡയറക്ടറുടെ ഉത്തരവിൽ വളരെ വ്യക്തമായി പ്രതിപാദിച്ചിട്ടുമുണ്ട് എങ്കിലും മറ്റ് 5 ജീവനക്കാർക്കെതിരെയുള്ള ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ഇൻക്രിമെന്റ് ഒരു വർഷത്തേയ്ക്ക് സഞ്ചിത ഫലത്തോടെയല്ലാതെ ബാർ ചെയ്ത കൂട്ടത്തിൽ, കൃത്യവിലോപം, നിഷ്ക്രിയത്വം എന്നീ കുറ്റങ്ങൾ പൊതുവായി ആരോപിച്ച് തന്റെയും ഒരു ഇൻക്രിമെന്റ് ഒരു വർഷത്തേയ്ക്ക് സഞ്ചിത ഫലത്തോടെയല്ലാതെ തടയുകയാണുണ്ടായത്. ആയതിനാൽ മേൽ വസ്തുതകളും സാഹചര്യങ്ങളും കണക്കിലെടുത്ത് 31/05/2021 ൽ റിട്ടയർ ചെയ്യാൻ പോകുന്ന തനിക്കെതിരെയുള്ള ശിക്ഷാനടപടി പുനഃപരിശോധിച്ച് ഇൻക്രിമെന്റ് തടയുന്നതിൽ നിന്നൊഴിവാക്കി ഉത്തരവാകണമെന്ന് ശ്രീ. മുഹമ്മദലി അഷറഫ്.പി.വി. അപേക്ഷിച്ചിരുന്നു.

4. നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം കൊല്ലം നഗരസഭാ പരിധിയിലുള്ള ഹോട്ടലുകളിൽ വിജിലൻസ് നടത്തിയ പരിശോധനയിൽ നഗരസഭാ അധികൃതർ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കപ്പെടാത്തതായി കണ്ടെത്തിയിട്ടുള്ളത് ഗൗരവകരവും ലൈസൻസ് ഇല്ലാതെ ഹോട്ടൽ പ്രവർത്തിച്ചിരുന്നതിന് എതിരെ നടപടി സ്വീകരിക്കാതിരുന്നത് ബന്ധപ്പെട്ട ജീവനക്കാരുടെ ഭാഗത്തു നിന്നുള്ള ഗുരുതര വീഴ്ചയായി വിലയിരുത്തിയിട്ടുള്ളതുമാണ്. ലൈസൻസ് ഇല്ലാതെ അനധികൃതമായി ഹോട്ടൽ പ്രവർത്തിച്ചതിനെതിരെ യാതൊരു

നടപടിയും സ്വീകരിക്കുന്നതിന് ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും അലംഭാവം ഉണ്ടായതായി കണ്ടതിനാലാണ് ശ്രീ.മുഹമ്മദാലി അഷ്റഫ് പി.പി. ഉൾപ്പെടെയുള്ള ജീവനക്കാരുടെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫല പ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ട് അച്ചടക്കനടപടികൾ അവസാനിപ്പിച്ചിട്ടുള്ളത്.

5. കോർപ്പറേഷൻ ഉദ്യോഗസ്ഥരും കച്ചവടക്കാരുമായി അവിഹിത കൂട്ടുകെട്ടിലൂടെ, അഴിമതി നടത്തുന്നു എന്ന ആരോപണത്തിന്മേലാണ് വിജിലൻസ് മിന്നൽ പരിശോധന നടന്നിട്ടുള്ളത് എന്നും, സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ച തീയതിയിൽ ശ്രീ.മുഹമ്മദാലി അഷ്റഫ് പി.പി. ടി നഗരസഭയിൽ ജോലി ചെയ്തിരുന്നില്ല എന്നത് വസ്തുതയാണെങ്കിലും ടിയാൻ സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ പരാമർശിത കിംഗ്സ് ഹോട്ടൽ ലൈസൻസില്ലാതെ പ്രവർത്തിച്ചുവരികയായിരുന്നുവെന്നും, ഫീൽഡ് പരിശോധനയ്ക്ക് ബാധ്യസ്ഥതയുള്ള ഒരു ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നും ഇത്തരം പ്രവണതകൾ ഉണ്ടായിട്ടുള്ളത് അനുകൂലിക്കാവുന്നതല്ലായെന്നും ഭക്ഷണശാലകൾ വൃത്തിഹീനമായും അനാരോഗ്യകരമായും പ്രവർത്തിക്കുന്നത് തടയുന്നതിന് ചുമതലപ്പെട്ട ജീവനക്കാർ യഥാവിധി പരിശോധനകൾ നടത്തിയിരുന്നില്ലെന്നും യഥാസമയം യുക്തമായ നടപടികൾ സ്വീകരിച്ചിരുന്നില്ലെന്നും വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ് എന്നും മേൽ ജീവനക്കാരന്റെ അധികാരപരിധിയിൽപ്പെട്ട സ്ഥലത്ത് അനധികൃതമായി ഹോട്ടൽ പ്രവർത്തിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നില്ല എന്ന വാദം ന്യായീകരിക്കത്തക്കതല്ലായെന്നും നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ടി സാഹചര്യത്തിൽ ശ്രീ.മുഹമ്മദാലി അഷ്റഫ് പി.പി. യുടെ അപ്പീൽ അപേക്ഷയിന്മേൽ ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

6. സർക്കാര്യം ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം നഗരസഭാ പരിധിയിൽ ലൈസൻസില്ലാതെ പ്രവർത്തിച്ചു വന്നിരുന്ന കിംഗ്സ് ഹോട്ടൽ അടച്ചുപൂട്ടുന്നതിന് 27/07/2016 ൽ കോർപ്പറേഷൻ സെക്രട്ടറി ഉത്തരവിറക്കിയിട്ടും തുടർനടപടി സ്വീകരിച്ചില്ലായെന്ന ആരോപണത്തിന് ശ്രീ.മുഹമ്മദാലി അഷ്റഫ് പി.പി. പ്രസ്തുത ഉത്തരവ് കാലയളവിൽ ടി നഗരസഭയിൽ ജോലി നോക്കിയിരുന്നില്ലായെന്ന് വാദം വസ്തുതാപരമാണെന്ന് കാണുന്നുവെങ്കിലും ടിയാൻ കൊല്ലം നഗരസഭയിൽ സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ (01/04/2016 - 20/06/2016) പരാമർശിത കിംഗ്സ് ഹോട്ടൽ ലൈസൻസില്ലാതെ പ്രവർത്തിച്ചുവരികയായിരുന്നുവെന്ന് വിജിലൻസ് റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുള്ളതാണ്. ആയതിനാൽ ടിയാന്റെ അധികാരപരിധിയിൽപ്പെട്ട സ്ഥലത്ത് അനധികൃതമായി ഹോട്ടൽ പ്രവർത്തിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നില്ല എന്ന ടിയാളുടെ വാദം ന്യായീകരിക്കത്തക്കതല്ലായെന്നതിനാൽ 31.05.2021ൽ വിരമിച്ചിട്ടുള്ള ശ്രീ.മുഹമ്മദാലി അഷ്റഫ് പി.പി. യ്ക്കെതിരായ അച്ചടക്കനടപടി, 11.02.2020 ലെ ഉത്തരവ് പ്രകാരം ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫല പ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കിയ നഗരകാര്യഡയറക്ടറുടെ നടപടി പുന:പരിശോധിക്കേണ്ട സാഹചര്യം ഉള്ളതായി കാണുന്നില്ല. മേൽ സാഹചര്യത്തിൽ വടകര നഗരസഭയിലെ ഹെൽത്ത് സൂപ്പർവൈസർ ശ്രീ. മുഹമ്മദലി അഷറഫ്.പി.വി. സമർപ്പിച്ച അപ്പീൽ അപേക്ഷ പരിഗണനാർഹമല്ലെന്ന് കണ്ട് നിരസിച്ച് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ശ്രീ. മുഹമ്മദലി അഷറഫ്.പി.വി., ഹെൽത്ത് സൂപ്പർവൈസർ, വടകര നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ